പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 27

# 2021- ലെ കേരള പാരലൽ കോളേജ് അദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

**സംസ്ഥാനത്തെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന പാരലൽ കോളേജ് അദ്ധ്യാപകരുടെ ജോലിസ്ഥിരത ഉറപ്പാക്കുന്നതിനും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും അവരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിലെ ചൂഷണം തടയുന്നതിനും കേരള പാരലൽ കോളേജ് അദ്ധ്യാപക ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരണം വ്യവസ്ഥ ചെയ്യുന്ന**

**ഒരു**

**ബിൽ**

പീഠിക.—കേരള സംസ്ഥാനത്തെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന പാരലൽ കോളേജ് അദ്ധ്യാപകർക്ക് ജോലിസ്ഥിരത ഉറപ്പാക്കുന്നതിനും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും അവരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിലെ ചൂഷണം തടയുന്നതിനും " കേരള പാരലൽ കോളേജ് അദ്ധ്യാപക ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം ഉണ്ടാക്കുന്നു:

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള പാരലൽ കോളേജ് അദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

